വൃക്കരോഗികൾക്ക് സാന്ത്വനം

22 (T*232) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃക്കരോഗികൾ അനുഭവിക്കുന്ന ദുരിതം ലഘൂകരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) വൃക്കത്തകരാറുകൾ ഉണ്ടാകുന്നതിനുള്ള അടിസ്ഥാന കാരണങ്ങളെക്കുറിച്ച് പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ ; വൃക്കത്തകരാറുകൾ ഉണ്ടാകാതിരിക്കാൻ പ്രതിരോധ പ്രവർത്തനങ്ങൾ പ്രായോഗികമാണോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സൗജന്യ ഡയാലിസിസ് സംവിധാനമൊരുക്കുന്നതിൽ എത്രത്തോളം വിജയം കൈവരിക്കാനായി എന്നതിന്റെ വിശദാംശം നൽകാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സംസ്ഥാനത്ത് സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിൽ വൃക്കരോഗികൾക്കാവശ്യമായ എല്ലാചികിത്സകളും ലഭ്യമാണ്. വിദഗ്ദരായ നെഫ്രോളജിസ്റ്റുമാർക്ക് കീഴിൽ പൂർണ്ണ സജ്ജമായ ഡയാലിസിസ് വിഭാഗങ്ങൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാണ്. ഇതിനായുള്ള ഡയാലിസിസ് മെഷീനുകൾ, പരിശീലനം ലഭിച്ച നേഴ്സുമാർ, ടെക്നീഷ്യന്മാർ എന്നിവരുടെ സേവനവും ലഭ്യമാണ്. വൃക്കരോഗികൾക്ക് ചികിത്സയ്ക്കായി കാരുണ്യാ ബെനവലന്റ് പദ്ധയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ അംഗീകൃത സ്വകാര്യ ആശുപത്രികൾ വഴിയും കാരുണ്യ ധനസഹായം നൽകുന്നു.

(ബി) ഇല്ല. വൃക്കത്തകരാറ് ഉണ്ടാകുവാനുള്ള പ്രധാന കാരണങ്ങൾ നിയന്ത്രണ വിധേയമല്ലാത്ത പ്രമേഹം, രക്തസമ്മർദ്ദം, വേദനസംഹാരികളുടെ അധികമായ ഉപയോഗം, കിഡ്നിസ്റ്റോൺ, നെഫ്രോട്ടിക് സിൻഡ്രോം മുതലായ അസുഖങ്ങളാണ്. പ്രമേഹം, രക്തസമ്മർദ്ദം എന്നീ അസുഖങ്ങൾ കൊണ്ടാണ് പ്രധാനമായും

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

വൃക്കത്തകരാറുകൾ ഉണ്ടാകുന്നത്. ഡയബറ്റീസും, ഹൈപ്പർടെൻഷനും കണ്ടു പിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുള്ള സൗകര്യങ്ങൾ നോൺ കമ്മ്യൂണി ക്കബിൽ ഡിസീസ് കൺട്രോൾ പ്രോഗ്രാംവഴി നടപ്പിലാക്കിവരുന്നു. ഇവക്കുള്ള സൗജന്യ പരിശോധനകളും, തുടർച്ചയായ മരുന്ന് ലഭ്യതയും പി.എച്ച്.സി.കൾ വഴി നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ വൃക്കരോഗങ്ങളുടെ വർദ്ധനവ് ഒരു പരിധിവരെ തടയുവാൻ കഴിയുന്നുണ്ട്.

(സി) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ 31 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. എസ്.എം.എ.പി. പദ്ധതിവഴി 10,000 രൂപ വരെ ഡയാലിസിസിന് വിധേയരായ രോഗികൾക്ക് നൽകിവരുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ഒരു ഡയാലിസിസിന് 650 രൂപ എന്ന നിരക്കിൽ 2 ലക്ഷം രൂപ വരെ രോഗികൾക്ക് ഡയാലിസിസിന് നൽകുന്നുണ്ട്. അതു കൂടാതെ ആർ.എസ്.ബി.വൈ. വഴിയും എച്ച്.എം.സി. ഫണ്ട് മുഖേനയും രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് നടത്തുന്നുണ്ട്.

കടലാക്രമണ പ്രതിരോധപ്രവർത്തനങ്ങൾ

23 (*233) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. എ. ബേബി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് വ്യാപകമായി നടക്കുന്ന കടലാക്രമണം തടയാനായി യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ കടൽഭിത്തി നിർമ്മാണം സംബന്ധിച്ച വിശദാംശം നൽകാമോ ;

(സി) കടലാക്രമണ പ്രതിരോധത്തിനായി കേന്ദ്രസഹായത്തോടെ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശവും പുരോഗതിയും വ്യക്തമാക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

LIBRARY ARCHIVES Kerala Legislative Assembly